"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ്- ജീവനക്കാര്യം - അച്ചടക്ക നടപടി തീർപ്പാക്കിയ എക്സൈസ് കമ്മീഷണറുടെ ഉത്തരവിനെതിരെ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറായ ശ്രീ.എ.ജോസ് പ്രതാപ് സമർപ്പിച്ച അപ്പീൽ അപേക്ഷ -തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.550/2024/TAXES തീയതി,തിരുവനന്തപുരം, 19-06-2024

പരാമർശം:-

1. എക്സൈസ് കമ്മീഷണറുടെ 13/11/2023-ലെ EXC/6394/2022-XE4 നമ്പർ ഉത്തരവ്
2. ശ്രീ. എ. ജോസ് പ്രതാപ് 18/12/2023-ൽ സമർപ്പിച്ച അപ്പീൽ അപേക്ഷ
3. എക്സൈസ് കമ്മീഷണറുടെ 29/12/2023-ലെ EXC/6394/2022-XE4 നമ്പർ കത്ത്
4. ശ്രീ.എ.ജോസ് പ്രതാപ് ഫയൽ ചെയ്ത OA 22/2023-ലെ നമ്പർ കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 04/01/2024-ലെ ഉത്തരവ്
5. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 27.05.2024 ലെ A1-1/19/2024-KPSC നമ്പർ കത്ത്

**ഉത്തരവ്**

കരുനാഗപ്പള്ളി സ്വദേശിയായ ശ്രീ. അരുൺ ബോസ് എന്നയാൾ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. എ ജോസ് പ്രതാപിനെതിരെ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ടിയാനെതിരായ അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞ് തീർപ്പാക്കിയ എക്സൈസ് കമ്മീഷണറുടെ പരാമർശം (1) ഉത്തരവിനെതിരെ ശ്രീ. എ ജോസ് പ്രതാപ് പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2) ഇതേ സമയം അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവിനെതിരെ സമർപ്പിച്ച അപ്പീൽ അപേക്ഷ സമയബന്ധിതമായി തീർപ്പാക്കണമെന്നപേക്ഷിച്ച് ശ്രീ. എ ജോസ് പ്രതാപ് ഫയൽ ചെയ്ത OA 22/2024 നമ്പർ കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ഉത്തരവിൽ ടിയാൻ സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷയിൻമേൽ ടി ഉത്തരവ് കൈപ്പറ്റുന്ന തീയതി മുതൽ നാല് മാസത്തിനുള്ളിൽ ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് ഉത്തരവായിരുന്നു.

3) ശ്രീ. എ ജോസ് പ്രതാപ് സമർപ്പിച്ച അപ്പീൽ അപേക്ഷ സംബന്ധിച്ച് എക്സൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ചുവടെ ചേർക്കും പ്രകാരം അറിയിച്ചിട്ടുണ്ട് :-

''കരുനാഗപ്പള്ളി സ്വദേശിയായ വ്യോമസേനയിൽ നിന്നും റിട്ടയർ ചെയ്ത് കുടുംബമായി താമസിക്കുന്ന ശ്രീ. അരുൺ ബോസ് എന്നയാൾ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ജോസ് പ്രതാപിനെതിരെ സമർപ്പിച്ച പരാതിയിൽ ടിയാന്റെ 8146797601 എന്ന വാട്സ് ആപ്പ് നമ്പറിലേക്ക് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ജോസ് പ്രതാപും ടിയാന്റെ പെൺസുഹൃത്തും ഒപ്പമുള്ള ചിത്രങ്ങളും ഭീഷണി സന്ദേശങ്ങളും വിവിധ നമ്പറുകളിൽ നിന്നും ശ്രീ. ജോസ് പ്രതാപ്.എ അയക്കുകയും, ടിയാന്റെ കോൾ ഡീറ്റെയിൽസ് നിയമവിരുദ്ധമായി ശേഖരിച്ച് അതിലുണ്ടായിരുന്ന സ്ത്രീകളായ പരാതിക്കാരന്റെ മകളുടെ ടീച്ചറിന്റെ ഫോണിലേയ്ക്ക് വിവിധ നമ്പരുകളിൽ നിന്നും വിളിച്ചും പരാതിക്കാരന്റെ സുഹൃത്തായ സ്ത്രീയുടെ നമ്പരിലേക്കും വിളിച്ചും, പരാതിക്കാരനെ പറ്റി അസംബന്ധമായ മെസേജ് അയച്ചും മറ്റും പരാതിക്കാരനെ നിരന്തരം അപമാനിച്ചും പരാതിക്കാരന്റെ കോൾ ഡീറ്റെയിൽസ് നിയമവിരുദ്ധമായി ശേഖരിച്ച് പരാതിക്കാരന്റെ സ്വകാര്യതയിലേക്ക് അന്യായമായി കടന്നുകയറിയെന്നും കാണിച്ച് സമർപ്പിച്ച പരാതിയിന്മേൽ എക്സൈസ് വിജിലൻസ് ഓഫീസർ മുഖാന്തിരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. എക്സൈസ് വിജിലൻസ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഉത്തരവാദിത്തപ്പെട്ടതും, ഗസറ്റഡ് റാങ്കിലുള്ളതുമായ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.ജോസ് പ്രതാപ് വിവാഹബന്ധം നിലനിൽക്കേ മറ്റൊരു സ്ത്രീയുമായി വഴിവിട്ട സൗഹൃദം പുലർത്തുകയും ആയതിന്റെ ഫോട്ടോ എടുത്ത് പരാതിക്കാരന് അയക്കുകയും പരാതിക്കാരന് നിരന്തരം വാട്സ് ആപ്പ് സന്ദേശങ്ങളും ചിത്രങ്ങളും അയച്ചും, ഭീഷണിപ്പെടുത്തിയും, പരാതിക്കാരന്റെ കോൺടാക്റ്റിലുള്ള സ്ത്രീകൾക്കും മറ്റും അനാവശ്യമായി വിവിധ നമ്പറുകളിൽ നിന്നും മെസേജ് അയച്ചും ഒരു ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന് നിരക്കാത്തതും സർവ്വീസിന് കളങ്കമുണ്ടാക്കുന്നതുമായ കുറ്റം ചെയ്തതായി വെളിവാകുന്നുവെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായിയെന്നും കൂടാതെ ശ്രീ.ജോസ് പ്രതാപ് പരാതിക്കാരന്റേയും പരാതിയിൽ പരാമർശിക്കുന്ന മറ്റൊരു സ്ത്രീയുടെയും ഫോൺ നമ്പറുകളുടെ സി.ഡി.ആർ വിവിധ കാലഘട്ടങ്ങളിലേത്, വിവിധ കേസുകളുടേത് എന്ന് കളവായി പറഞ്ഞ് ശേഖരിച്ചത് തികഞ്ഞ അച്ചടക്കരാഹിത്യവും അധികാര ദുർവിനിയോഗവും ഇന്ത്യൻ ഭരണഘടനയുടെ 21-ാം അനുച്ഛേദം ഉറപ്പ് നൽകുന്ന സ്വകാര്യയിലേക്കുള്ള നിയമവിരുദ്ധമായ കടന്നുകയറ്റവുമാണെന്ന് വിജിലൻസ് ഓഫീസർ റിപ്പോർട്ടു ചെയ്യുകയുണ്ടായി. ശ്രീ.ജോസ് പ്രതാപിന്റെ മേൽ വിവരിച്ച പ്രവൃത്തി കേരള സിവിൽ സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധവും സദാചാരലംഘനവും, എക്സൈസ് വകുപ്പിന് പൊതുജനങ്ങളുടെ ഇടയിൽ അവമതിപ്പുണ്ടാക്കുന്നതിനും, വകുപ്പിന്റെ പ്രതിഛായക്കും സൽപ്പേരിനും കളങ്കം വരുത്തുന്നതിനും ഇടയായതിനാലും സർക്കാർ ഉദ്യോഗസ്ഥർ പാലിക്കേണ്ട മര്യാദകൾ പാലിച്ച് സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ട പ്രകാരം പൊതുജനസമൂഹത്തിനും വകുപ്പിനും മാതൃകയായി ഔദ്യോഗിക കൃത്യനിർവഹണം നടത്തേണ്ട ടിയാൻ ആയത് ലംഘിച്ചതായും ബോദ്ധ്യമായതിനെ തുടർന്ന് ടി വിഷയത്തിൽ വിശദമായ അന്വേഷണം അനിവാര്യമാണെന്ന് കാണുകയും ആയതിലേയ്ക്ക് ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രിക എന്നിവ നൽകുകയും ആയതിന് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രിക ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ

പരിശോധിച്ചതിൽ ആയത് തൃപ്തികരമല്ലായെന്ന് കണ്ട് തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം 15 പ്രകാരമുള്ള ഫോർമൽ എൻക്വയറി ആവശ്യമാണെന്ന് കണ്ട് ഫോർമൽ എൻക്വയറി നടത്തുന്നതിന് അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-നെ നിയമിച്ചു ഉത്തരവാകുകയുണ്ടായി. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) സമർപ്പിച്ച റിപ്പോർട്ട് പ്രകാരം പരാതിക്കാരനായ കരുനാഗപ്പള്ളി സ്വദേശിയായ വ്യോമ സേനയിൽ നിന്നും റിട്ടയർ ചെയ്ത അരുൺബോസിനും, ടിയാന്റെ കോൺടാക്ട് ലിസ്റ്റിലുള്ള സ്ത്രീകൾക്കും എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. എ. ജോസ് പ്രതാപ് വാട്ട്സ്ആപ്പ് മെസ്സേജുകളും അസമയത്ത് മിസ്ഡ് കോളുകളും അയച്ചു നൽകിയതായി രേഖകളുടെയും സാക്ഷി മൊഴികളുടെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ തെളിയുന്നതായും, ഔദ്യോഗികപദവി ദുരുപയോഗപ്പെടുത്തി കോതമംഗലം എക്സൈസ് സർക്കിൾ ഇൻസ്പെക്ടറായിരിക്കെ കോതമംഗലം എക്സൈസ് റെയ്ഞ്ച് ഓഫീസ് സി.ആർ നമ്പർ 41/2022, 43/2022, 50/2022 എന്നീ കേസുകളുടെ അന്വേഷണ ആവശ്യത്തിലേക്ക് എന്ന് തെറ്റിദ്ധരിപ്പിച്ച് PW1 ന്റെ 8146797661 എന്ന മൊബൈൽ നമ്പരിന്റെയും DW1 -ന്റെ 9061667186, 8129351905 എന്നീ നമ്പരുകളുടെയും CDR/SDR/Call Details/Live Location എന്നിവ ശേഖരിച്ച് അവരുടെ സ്വകാര്യതയിൽ കടന്നുകയറി അച്ചടക്കലംഘനവും അധികാര ദുർവിനിയോഗവും നടത്തിയതായി സാക്ഷി മൊഴികൾ കൊണ്ടും രേഖകൾ കൊണ്ടും തെളിയുന്നുവെന്നും അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) റിപ്പോർട്ട് ചെയ്യുകയുണ്ടായി. കൂടാതെ കുറ്റാരോപിതനായ ശ്രീ.ജോസ് പ്രതാപ് PW1 ന് ടിയാന്റെ മൊബൈൽ ഫോണിൽ നിന്നും വാട്ട്സ്ആപ്പ് ചിത്രങ്ങളും മെസ്സേജുകളും അയച്ചിരുന്നുവെന്ന് സാക്ഷി മൊഴികളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ തെളിയുന്നുവെന്നും, ഗസറ്റഡ് റാങ്കിൽ ജോലി ചെയ്യുന്ന ടിയാൻ വിവാഹബന്ധം നിലനിൽക്കേ മറ്റൊരു സ്ത്രീയുമായി വഴിവിട്ട ബന്ധം പുലർത്തിയിരുന്നുവെന്ന് സംശയാതീതമായി തെളിയിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്നും എന്നിരുന്നാലും ടിയാൻ PW1 ന് നിരന്തരമായി വാട്ട്സ്ആപ്പ് സന്ദേശങ്ങൾ അയച്ച് ശല്യം ചെയ്തിരുന്നത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന് നിരക്കാത്തതും സർവ്വീസിന് കളങ്കമുണ്ടാക്കുന്ന പ്രവൃത്തിയാണെന്ന് തെളിയുന്നുണ്ടെന്നും അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) റിപ്പോർട്ട് ചെയ്യുകയുണ്ടായി. കേരള സർക്കാർ സർവ്വീസിൽ എക്സൈസ് വകുപ്പിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറായി ജോലി നോക്കിവരുന്ന ഉദ്യോഗസ്ഥനെന്ന നിലയിൽ കേരള സിവിൽ സർവ്വീസ് ചട്ടങ്ങൾ പാലിക്കാൻ ബാദ്ധ്യസ്ഥനായ ഉദ്യോഗസ്ഥനായിരിക്കെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ മറവിൽ സ്വകാര്യ വ്യക്തികളുടെ ഫോൺ നമ്പരുകളുടെ സി.ഡി.ആർ ശേഖരിച്ചത് അധികാര ദുർവിനിയോഗവും വ്യക്തികൾക്ക് ഇൻഡ്യൻ ഭരണഘടനയുടെ 21-ാം അനുഛേദം ഉറപ്പ് നൽകുന്ന സ്വകാര്യതയിൽ ടിയാൻ നിയമവിരുദ്ധമായ കടന്നുകയറ്റം നടത്തിയിട്ടുള്ളതായി സാക്ഷി മൊഴികൾ, രേഖകൾ എന്നിവ കൊണ്ട് തെളിയുന്നുണ്ടെന്ന് അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. ടിയാന്റെ ഭാഗത്തുനിന്നുമുണ്ടായ പ്രവർത്തികൾ എക്സൈസ് വകുപ്പിന് പൊതുജനങ്ങൾക്കിടയിൽ അവമതിപ്പ് ഉണ്ടാകുന്നതിനും വകുപ്പിന്റെ പ്രതിഛായക്കും സത്പേരിനും കളങ്കം വരുത്തുന്നതിനും ഇടയാക്കിയിട്ടുള്ളതായും സാക്ഷി മൊഴികൾകൊണ്ടും രേഖകൾകൊണ്ടും തെളിയുന്നുണ്ടെന്നും അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഫോർമൽ എൻക്വയറി

റിപ്പോർട്ടും അനുബന്ധരേഖകളും പരിശോധിച്ചതിൽ ശ്രീ. ജോസ് പ്രതാപിനെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങൾ തെളിഞ്ഞിട്ടുള്ളതാണെന്നും ടിയാൻ ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തി കേസുകളുടെ അന്വേഷണ ആവശ്യങ്ങൾക്കെന്ന് തെറ്റിദ്ധരിപ്പിച്ച് സ്വകാര്യ വ്യക്തികളുടെ കോൾ ഡീറ്റയിൽസ് ശേഖരിച്ചതായും ആയത് ദുരുപയോഗപ്പെടുത്തിയതായും ടിയാന്റെ ടി പ്രവർത്തി അച്ചടക്കലംഘനവും അധികാര ദുർവിനിയോഗവുമായതിനാൽ ടിയാനെതിരെ ശക്തമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് ബോദ്ധ്യമാകുകയുണ്ടായിയെന്നും കൂടാതെ ടിയാന്റെ പ്രവർത്തി എക്സൈസ് വകുപ്പിന് പൊതുജനങ്ങൾക്കിടയിൽ അവമതിപ്പ് ഉണ്ടാക്കുന്നതിനും വകുപ്പിന്റെ പ്രതിഛായയ്ക്കും സത്പേരിനും കളങ്കം വരുത്തുന്നതിനും ഇടയായിട്ടുള്ളതായും ബോദ്ധ്യമാകുന്നുവെന്നും ആയതിനാൽ ഇക്കാര്യത്തിൽ ടിയാൻ കടുത്ത ശിക്ഷക്ക് അർഹനാണെന്ന് കണ്ട് 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം 11 (1) (vA) പ്രകാരം ടിയാന്റെ 3 വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ (with cumulative effect) തടയാൻ താൽക്കാലികമായി തീരുമാനിക്കുകയും ടി താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുവാൻ കാരണം ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് ഫോർമൽ എൻക്വയറി റിപ്പോർട്ടിന്റെ പകർപ്പ് സഹിതം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ജോസ് പ്രതാപ് സമർപ്പിച്ച മറുപടിയിൽ വാച്യാന്വേഷണ റിപ്പോർട്ടും അനുബന്ധരേഖകളും വസ്തുതാപരവും, നീതിയുക്തവുമായി പരിശോധിച്ചാൽ ടിയാൻ നിരപരാധി ആണെന്ന് ബോധ്യമാകുമെന്നും, ടിയാനെതിരെ കണ്ടെത്തിയ കുറ്റങ്ങൾ പരാതിക്കാരൻ കൃത്രിമമായി കെട്ടിച്ചമച്ചതാണെന്നും വാച്യാന്വേഷണത്തിൽ കുറ്റങ്ങൾ തെളിയിക്കപ്പെട്ടിട്ടില്ലെന്നും ബോധിപ്പിക്കുകയുണ്ടായിയെന്നും കൂടാതെ ടിയാൻ സ്വന്തം നമ്പരിൽ നിന്നോ വ്യത്യസ്ത നമ്പരിൽ നിന്നോ പരാതിക്കാരെ ഫോൺ ചെയ്യുകയോ, മറ്റോ ചെയ്തിട്ടില്ലെന്നും, അത്തരത്തിൽ യാതൊരു തെളിവും എൻക്വയറി ഓഫീസർ മുമ്പാകെ ഹാജരാക്കിയിട്ടില്ലായെന്നും, ഔദ്യോഗിക ബന്ധം ഉപയോഗിച്ച് പരാതിക്കാരന്റെ മൊബൈൽഫോൺ രേഖകൾ കരസ്ഥമാക്കിയെന്നുള്ളത് കളവാണെന്നും, അന്വേഷണത്തിൽ വെളിവായിട്ടില്ലായെന്നും ആയതിനാൽ ടിയാനിൽ ആരോപിച്ചിരിക്കുന്ന കുറ്റങ്ങളിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കണമെന്നും നേരിൽ കേൾക്കാൻ അവസരം നൽകണമെന്നും ശ്രീ.ജോസ് പ്രതാപ് അപേക്ഷിക്കുകയുണ്ടായി. ടിയാന്റെ അപേക്ഷ പ്രകാരം 07.11.2023-ൽ ടിയാനെ നേരിൽ കേട്ടതിൽ ടിയാന്റെ അന്വേഷണത്തിലിരുന്ന കേസുകളുടെ ആവശ്യത്തിലേക്കെന്ന് തെറ്റിദ്ധരിപ്പിച്ച് പരാതിക്കാരന്റെയും മറ്റും സി.ഡി.ആർ. ശേഖരിച്ചതും ആയത് ദുരുപയോഗം ചെയ്തതുമായ പ്രവൃത്തി ടിയാൻ ന്യായീകരിക്കുവാൻ ശ്രമം നടത്തിയെങ്കിലും ആയത് പരാജയപ്പെടുകയുണ്ടായിയെന്നും കൂടാതെ ടി സി.ഡി.ആർ. കളക്ട് ചെയ്തത് 3 എൻ.ഡി.പി.എസ് കേസുകളുടെ അന്വേഷണത്തിലേക്കാണെന്ന് സ്ഥാപിക്കാനുള്ള ടിയാന്റെ ശ്രമവും ഹിയറിംഗിൽ വിഫലമാകുകയുണ്ടായി. കുറ്റാരോപിതൻ സമർപ്പിച്ച വിശദീകരണം, ബന്ധപ്പെട്ട രേഖകളും, ഫോർമൽ എൻക്വയറി റിപ്പോർട്ടും പ്രസക്തമായ വസ്തുതകളുമായി വിശദമായി പരിശോധിച്ചതിൽ ടിയാന് താത്ക്കാലികമായി നൽകുവാൻ തീരുമാനിച്ച ശിക്ഷ പുന:പരിശോധിക്കേണ്ടതായ പുതിയ കാര്യങ്ങളോ വിശദീകരണമോ സമർപ്പിച്ചിട്ടില്ലാത്തതും, ടിയാനെതിരെയുള്ള കുറ്റം അന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ളതും താൽക്കാലികമായി തീരുമാനിച്ച ശിക്ഷയ്ക്ക് ടിയാൻ അർഹനാണെന്ന് ബോദ്ധ്യമാകുകയുണ്ടായിയെന്നും എങ്കിലും

ഇക്കാര്യത്തിൽ ഉദാരമായ സമീപനം സ്വീകരിച്ചുകൊണ്ട് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. എ ജോസ് പ്രതാപിന്റെ 3 വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടയാനുള്ള താൽക്കാലിക തീരുമാനം പുന:പരിശോധിച്ച് 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം II (i) (vA) പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ (with cumulative effect) തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുകയുണ്ടായി ."

4) കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലേയും M.D.P യിലെയും നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടാണ് അച്ചടക്ക നടപടിയിന്മേൽ തീർപ്പ് കൽപ്പിച്ചിട്ടുള്ളതെന്നും ഫോർമൽ എൻക്വയറി റിപ്പോർട്ടിന്റെ പകർപ്പ് പരാതിക്കാരന് കാരണം കാണിക്കൽ നോട്ടീസിനോടൊപ്പം നൽകിയിട്ടുള്ളതും, കാരണം കാണിക്കൽ നോട്ടീസിന് മറുപടി സമർപ്പിക്കുന്നതിനും നേരിട്ട് കാര്യങ്ങൾ ബോധിപ്പിക്കുന്നതിന് അവസരം നൽകിയിട്ടുള്ളതുമാണെന്നും അന്വേഷണ റിപ്പോർട്ടിന്റെയും അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിലാണ് അച്ചടക്ക നടപടിയിന്മേൽ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് അച്ചടക്ക അധികാരി അച്ചടക്ക നടപടി തീർപ്പ് കൽപ്പിച്ചുവെന്നതിനാൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. എ ജോസ് പ്രതാപ് സമർപ്പിച്ച അപേക്ഷ പരിഗണനാർ ഹമല്ലായെന്ന് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5) എക്സൈസ് ഇൻസ്പെക്ടർ ശ്രീ ജോസ് പ്രതാപ് സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ നേരിൽ കേൾക്കണമെന്ന് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നികുതി വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി 14.02.2024 തീയതിയിൽ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട വേളയിൽ ടിയാൻ ചുവടെപ്പറയുന്ന വാദങ്ങൾ ഉന്നയിച്ചിരുന്നു.

"കരുനാഗപ്പള്ളി സ്വദേശിയായ ശ്രീ. അരുൺ ബോസ് എന്നയാൾ ഒരു പരാതി സമർപ്പിക്കുകയും ആയതിൽ ടിയാന്റെ വാട്സ്ആപ്പ് നമ്പരിലേക്ക് അസംബന്ധമായ മെസ്സേജ് അയച്ച് നിരന്തരം അപമാനിച്ചും, പരാതിക്കാരന്റെ സ്വകാര്യതയിലേക്ക് കടന്നുകയറിയെന്നും കാണിച്ചിരുന്നു. ടി വിഷയം സംബന്ധിച്ച് എനിക്ക് നൽകിയ കുറ്റാരോപണ മെമ്മോയ്ക്കും, കുറ്റാരോപണ പത്രികയ്ക്കും മറുപടി ബഹു: എക്സൈസ് കമ്മീഷണർക്ക് 20.03.2023-ൽ സമർപ്പിച്ചിരുന്നു. 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം 15 പ്രകാരം എനിക്കെതിരെയുള്ള ആരോപണങ്ങൾ അന്വേഷിക്കുന്നതിന് അഡീഷണൽ എക്സൈസ് കമ്മീഷണറെ (എൻഫോഴ്സ്മെന്റ് ) ചുമതലപ്പെടുത്തി. എന്റെ മൊബൈൽ ഫോണിൽ നിന്നും വാട്സ്ആപ്പ് ചിത്രങ്ങളും, മെസേജുകളും അയച്ചിരുന്നു എന്ന് കണ്ടെത്തിയതായ സാക്ഷിമൊഴി രേഖപ്പെടുത്തി അഡീഷണൽ എക്സൈസ് കമ്മീഷണർ സമർപ്പിച്ചതായ അന്വേഷണ റിപ്പോർട്ട് ബഹു: എക്സൈസ് കമ്മീഷണർ അംഗീകരിക്കുകയും ചെയ്തു. ടി അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്റെ പ്രവർത്തികൾ അച്ചടക്കലംഘനവും, അധികാര ദുർവിനിയോഗവും ആയതിനാൽ എന്റെ മൂന്ന് വാർഷിക വേതന ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടയാൻ താൽക്കാലികമായി തീരുമാനിക്കുകയും ഫോർമൽ എൻക്വയറി റിപ്പോർട്ടിന്റെ പകർപ്പ് സഹിതം കാരണം കാണിക്കൽ നോട്ടീസ് 26.08.2023-ൽ ബഹു: എക്സൈസ് കമ്മീഷണർ നൽകുകയും

അതോടൊപ്പം 01.08.2023-ലെ അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) സമർപ്പിച്ച റിപ്പോർട്ടിന്റെ കോപ്പിയും നൽകുകയുണ്ടായി. ആയതിന് 20.10.2023-ൽ സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ വാച്യാന്വേഷണ റിപ്പോർട്ടും, അനുബന്ധ രേഖകളും നീതിയുക്തമായി പരിശോധിച്ചതിൻ പ്രകാരം ഞാൻ നിരപരാധിയാണെന്നും ബോധ്യമാകുമെന്നും എനിക്കെതിരെ കണ്ടെത്തിയ കുറ്റങ്ങൾ പരാതിക്കാരൻ കൃത്രിമമായി കെട്ടി ചമച്ചതാണെന്നും വാച്യാന്വേഷണത്തിൽ കുറ്റങ്ങൾ തെളിയിക്കപ്പെട്ടില്ലെന്നും എന്റെ സ്വന്തം നമ്പരിൽ നിന്നോ, വ്യത്യസ്ത നമ്പരിൽ നിന്നോ ഫോൺ ചെയ്തതിന് തെളിവുകൾ എൻക്വയറി ഓഫീസർ കണ്ടെത്തിയിട്ടില്ലെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും 07.11.2023-ൽ എന്നെ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിലും ഉദാര സമീപനം കൈക്കൊണ്ടുകൊണ്ട് മൂന്നു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടയാനുള്ള താൽക്കാലിക തീരുമാനം പുന:പരിശോധിച്ച് എന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ട് എക്സൈസ് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം എനിക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുന്നതിന് ആധാരമായ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയത് ബഹു: അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ് ) ആയിരുന്നു. ടിയാൻ എന്റെ നിയമനാധികാരിയോ അച്ചടക്ക നടപടി സ്വീകരിക്കേണ്ട അധികാരിയോ അല്ലാത്തതുകൊണ്ട് ടിയാൻ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ബഹു: എക്സൈസ് കമ്മീഷണർക്ക് ടി റിപ്പോർട്ട് സമർപ്പിക്കുന്നതോടൊപ്പം എനിക്കും നൽകേണ്ടതാണ്. എന്നാൽ അന്വേക്ഷണ റിപ്പോർട്ടിന്റെ പകർപ്പ് എനിക്ക് ലഭിച്ചത് 26.08.2023 ലെ ബഹു: എക്സൈസ് കമ്മീഷണറുടെ കാരണം കാണിക്കൽ നോട്ടീസിനോടൊപ്പമാണ്. 1960-ലെ KCS(CC&A)Rule-15 പ്രകാരം എൻക്വയറി ഓഫീസറും, അച്ചടക്ക നടപടി സ്വീകരിക്കേണ്ട അധികാരിയും വ്യത്യസ്ഥരാണെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് കുറ്റാരോപിതനായ ഉദ്യോഗസ്ഥന് മുൻകൂട്ടി നൽകുകയും തുടർനടപടികൾ സ്വീകരിക്കുന്നതിന് മുൻപ് കുറ്റാരോപിതനായ ഉദ്യോഗസ്ഥന്റെ വിശദീകരണത്തിന് നൽകേണ്ടതാണെന്ന് ബഹു: സുപ്രീം കോടതിയുടെ Managing Director, ECIL, Hydrabad & Ors.Vs.Karuvakar & Ors. Judgment വ്യക്തമാക്കുന്നുണ്ട്. ബഹു: കേരള ഹൈക്കോടതിയുടെ Jayachandran.V Vs. State of Kerala & Ors. എന്ന ജഡ്ജ്മെന്റിൽ അന്വേഷണ ഉദ്യോഗസ്ഥൻ നിയമനാധികാരിയല്ലാത്ത കേസുകളിൽ ടി അന്വേഷണ റിപ്പോർട്ടും തുടർനടപടികളും നിയമപരമായി നിലനിൽക്കുന്നതല്ലെന്നും വ്യക്തമാക്കുകയും അന്വേഷണ റിപ്പോർട്ടിനെ തുടർന്നുള്ള ശിക്ഷണ നടപടികൾ റദ്ദ് ചെയ്യുകയും ആരോപണവിധേയരായ ഉദ്യോഗസ്ഥരെ കുറ്റവിമുക്തരാക്കുകയും ചെയ്തിട്ടുണ്ട്. ടി വസ്തുതകൾ ചൂണ്ടിക്കാട്ടിക്കൊണ്ട് ഞാൻ അങ്ങേയ്ക്ക് സമർപ്പിച്ച അപ്പീലിൽ മൂന്ന് മാസത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളണമെന്ന് ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒന്നാം എതിർകക്ഷിയായ അങ്ങയോട് നിർദ്ദേശിക്കുകയുണ്ടായി. ആയതിൻപ്രകാരം എനിക്ക് ലഭിച്ച ഹിയറിംഗ് നോട്ടീസിന് ഞാൻ സമർപ്പിച്ചിട്ടുള്ള എന്റെ മറുപടിയും വിശദീകരണവും ബഹു: സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും ബഹു: ജഡ്ജ്മെന്റുകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും എനിക്കെതിരെ KCS(CC&A)Rule-15 പ്രകാരം വിശദമായ അന്വേഷണം നടത്തി തെളിവുകൾ ശേഖരിക്കുകയോ ഞാൻ കുറ്റക്കാരനാണെന്ന് കണ്ടെത്തുകയോ ചെയ്യാത്ത സാഹചര്യത്തിലും എക്സൈസ് വകുപ്പിൽ

കഴിഞ്ഞ 14 വർഷക്കാലത്തിനിടയ്ക്ക് എനിക്കെതിരെ യാതൊരു വിധ ആരോപണങ്ങളും ഉണ്ടായിട്ടില്ലാത്ത സാഹചര്യത്തിൽ എന്റെ സ്തുത്യർഹ സേവനത്തിന് 2018-ലെ ബഹു: കേരള മുഖ്യമന്ത്രിയുടെ എക്സൈസ് മെഡലും, ബഹു: എക്സൈസ് കമ്മീഷണറുടെ Letter of Appreciation ഉം, 5 ഗുഡ് സർവ്വീസ് എൻട്രികളും, ബഹു: എറണാകുളം Dy. Excise Commissioner - ടെ Letter of Appreciation ഉം ലഭിച്ചിട്ടുള്ള എന്നെ വ്യക്തിപരമായി ശത്രുതയുടെ അടിസ്ഥാനത്തിൽ എനിക്കെതിരെ നൽകിയ വ്യാജപരാതിയുടെ അടിസ്ഥാനത്തിൽ ശിക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്റെ സേവന സന്നദ്ധതയും ജോലിയോടുള്ള ആത്മാർത്ഥതയും പ്രതികൾക്കെതിരെ കൈക്കൊണ്ടിട്ടുള്ള വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളും മൂലം എനിക്കെതിരെ മൂന്നുപ്രാവശ്യം വധശ്രമം ഉണ്ടാവുകയും അതിൽ ഒരു കേസിലെ പ്രതിക്ക് 23 വർഷം കഠിനതടവ് ബഹു: കരുനാഗപ്പള്ളി അസിസ്റ്റന്റ് സെക്ഷൻസ് കോടതി വിധിക്കുകയും ചെയ്തിട്ടുണ്ട്. ആകയാൽ എന്റെ സർവ്വീസ് ജീവിതത്തിൽ ആത്മാർത്ഥവും സത്യസന്ധമായും സേവനമനുഷ്ഠിച്ചതിന് എനിക്ക് ലഭിച്ചിട്ടുള്ള അംഗീകാരങ്ങളൊന്നും കണക്കിലെടുക്കാതെ നടപടിക്രമങ്ങൾ പാലിക്കാതെ നിലവിലുള്ള നിയമങ്ങളും കോടതിവിധികളും ലംഘിച്ചുകൊണ്ട് എനിക്കെതിരെ ബഹു: എക്സൈസ് കമ്മീഷണർ എടുത്തിട്ടുള്ള ശിക്ഷണ നടപടി റദ്ദാക്കണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു."

6) ഇക്കാര്യം പരിശോധിച്ചതിൽ കേസന്വേഷണത്തിന്റെ ആവശ്യത്തിനെന്ന രീതിയിൽ സ്വകാര്യ വ്യക്തികളുടെ CDR കളക്ട് ചെയ്ത പ്രവൃത്തി ശ്രീ.ജോസ് പ്രതാപിന്റെ ഭാഗത്തുള്ള വീഴ്ചയാണെന്ന് ഇക്കാര്യത്തിൽ വാച്യാന്വേഷണം നടത്തിയ അഡീഷണൽ എക്സൈസ് കമ്മീഷണർ(എൻഫോഴ്സ്മെന്റ്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ എക്സൈസ് വിജിലൻസ് ഓഫീസറുടെ അന്വേഷണത്തിൽ കണ്ടെത്തിയ പ്രകാരം വിവാഹബന്ധം നിലനിൽക്കേ മറ്റൊരു സ്ത്രീയുമായി വഴിവിട്ട ബന്ധം ശ്രീ.ജോസ് പ്രതാപ് പുലർത്തിയിരുന്നു എന്നത് വാച്യാന്വേഷണത്തിൽ തെളിയിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രതികൾ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് CDR എടുത്തിട്ടുള്ളതെന്നും ആയത് എടുക്കുന്നതിന് മുമ്പായി മേലുദ്യോഗസ്ഥന് രേഖാമൂലം അറിയിപ്പ് നൽകി അനുമതിയോടെയാണ് CDR എടുത്തിട്ടുള്ളതെന്നും ശ്രീ. ജോസ് പ്രതാപ് ബോധിപ്പിച്ചിട്ടുണ്ട്. സർവ്വീസ് കാലയളവിൽ കേസുകൾ എടുത്തതുൾപ്പെടെയുള്ള സേവന മികവിന് ടിയാന് നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടെന്നും, 14 വർഷത്തെ സർവ്വീസ് കാലയളവിലൊന്നും തന്നെ യാതൊരുവിധ ആരോപണവും ഉന്നയിക്കപ്പെട്ടിട്ടില്ലെന്ന വസ്തുത കണക്കിലെടുത്തും ശിക്ഷണ നടപടിയിൽ നിന്നും ഒഴിവാക്കണമെന്ന് ടിയാൻ അപേക്ഷിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, എക്സൈസ് കമ്മീഷണർ കൈക്കൊണ്ട അച്ചടക്ക നടപടിക്കെതിരായി ശ്രീ.ജോസ് പ്രതാപ് സമർപ്പിച്ച അപ്പീൽ അപേക്ഷ ബന്ധപ്പെട്ട രേഖകളുടെയും ബഹു.ട്രൈബ്യൂണലിന്റെ 04.01.2024 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലും പരിശോധിച്ചതിൽ CDR എടുക്കുന്നതിനായുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ശ്രീ.ജോസ് പ്രതാപിന്റെ ഭാഗത്ത് ഗൗരവതരമായ ജാഗ്രതക്കുറവ് ഉണ്ടായതായി വ്യക്തമാകുന്നെങ്കിലും ടിയാനെതിരെ 'കഠിന ശിക്ഷ' ക്കുള്ള അച്ചടക്കനടപടി സ്വീകരിച്ച എക്സൈസ് കമ്മീഷണറുടെ നടപടി, ടിയാന്റെ സേവന കാലയളവിലെ മികവും മറ്റ് അച്ചടക്ക നടപടികൾക്ക് വിധേയനായിട്ടില്ലെന്ന കാര്യവും പരിഗണിച്ച് ഇക്കാര്യത്തിൽ ഒരു ദയാപരമായ സമീപനം കൈകൊണ്ട് , ടിയാനെതിരായ

അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ ഒരു വർഷത്തേയ്ക്ക് കുറവ് ചെയ്ത എക്സൈസ് കമ്മീഷണറുടെ നടപടി പുന:പരിശോധിച്ച്, ഇക്കാര്യത്തിൽ ഇളവ് നൽകി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കുന്നതിന് താൽക്കാലികമായി തീരുമാനം കൈക്കൊള്ളുകയും, ആയതിൻമേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരായുകയും സർക്കാരിന്റെ പ്രസ്തുത താൽക്കാലിക തീരുമാനത്തോട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ യോജിക്കുന്നതായി പരാമർശം (5) പ്രകാരം കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

7) മേൽ സാഹചര്യത്തിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. എ.ജോസ് പ്രതാപിനെതിരെയുള്ള അച്ചടക്ക നടപടി, 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം11(1) (vA) പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞ് തീർപ്പാക്കിയ എക്സൈസ് കമ്മീഷണറുടെ ഉത്തരവിനെതിരെ ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷ ഭാഗീകമായി പരിഗണിച്ച് 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം11(1) (iii) പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

8) മേൽ പ്രകാരം ബഹു. കേരള അഡ്മിനിസേട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) -ലെ ഉത്തരവ് പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷജില എസ്
ഡെപ്യൂട്ടി സെക്രട്ടറി

1) അഡ്വക്കേറ്റ് ജനറൽ , എറണാകുളം (ആമുഖ കത്ത് മുഖേന)
2) സെക്രട്ടറി,കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ,തിരുവനന്തപുരം.(ആമുഖ കത്ത് മുഖേന)
3) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
4) ശ്രീ. എ.ജോസ് പ്രതാപ്,എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ (എക്സൈസ് കമ്മീഷണർ മുഖേന)
5) അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം
6) വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Reese. V. A
Date: 19-06-2024 17:39:02